# പള്ളികഥകൾ

## മിനികഥകൾ

ഇപ്രാവശ്യം പ്രിയ ജോസഫ് അച്ചൻ വളരെ വ്യത്യസ്ഥമായ ഒരു കഥയാണ് പറഞ്ഞത്. ഇതിൽ വളരെ പുതുമ ഉണ്ട്. കുസൃതികളായ പുതിയതലമുറകളിലെ മിടുക്കന്മാരിൽ മിടുക്കന്മാരുടെ കുസൃതി നിറഞ്ഞ കാര്യമാണിത്. നമ്മുടെ കുഞ്ഞുങ്ങളിൽ മിടുമിടുക്കന്മാർ വളരെയേറെ കുസൃതി ഉള്ളവരാണല്ലോ.

അച്ചൻ നാട്ടിലായിരുന്നപ്പോൾ അച്ചന്റെ ഇടവകയിലെ ഒരു സ്ക്കൂൾ വാദ്ധ്യാർ, തങ്കച്ചൻ അച്ചനോട് ഒരു സങ്കടം ബോധിപ്പിച്ചു: ആ ഇടവകയിലെ തന്നെ തോമ്മാച്ചന്റെ മകൻ ബിന്നി വളരെ മിടുമിടുക്കനായിരുന്നു. ഈ മിടുക്ക് പലപ്പോഴും പല വികൃതികളും കാട്ടികൂട്ടുന്നതിന് ഇടയായി.

## പൊതുവിജ്ഞാനം

പഠിത്വത്തിൽ ബിന്നി വളരെ മുൻപിലായിരുന്നു. ക്ലാസ്സിൽ എല്ലാ വിഷയത്തിനും അവൻ വളരെ മിടുക്കനാണ്. മറ്റുള്ള കുട്ടികൾക്ക് അവൻ വളരെ മാതൃകയായിരുന്നു.

എല്ലാ ദിവസവും വളരെ നേരത്തെ തന്നെ അവൻ സ്ക്കൂളിൽ വന്നിരുന്നു. എന്തു ചോദ്യം ചോദിച്ചാലും എല്ലാത്തിനും ഏറ്റവും ശരിയായ ഉത്തരവും അവൻ പറയും. സ്ക്കൂളിൽ അവൻ ആരോടും വഴക്കൊന്നും കൂടിയിട്ടില്ല. എല്ലാ അദ്ധ്യാപകർക്കും അവനെ വളരെയധികം ഇഷ്ടവുമാണ്.

നാട്ടിലാണെങ്കിലും എല്ലാവർക്കും ഏറ്റവും നല്ല പിള്ളയുമാണ് ആർക്കും അവനെപറ്റി യാതൊരുപരാതിയുമില്ല. എല്ലാവർക്കും അവൻ വളരെ ഉപകാരിയുമാണ്. അവനെപറ്റി ദോഷമായിട്ടൊന്നും പറയാനുമില്ല.

എല്ലാ ഞായറാഴ്ചയും അവൻ പള്ളിയിൽ അതികാലത്തു തന്നെ വന്നിരുന്നു. പ്രാർത്ഥനയിലും ഭക്തിയിലും അവൻ വളരെ മുൻപിൽ തന്നെ. അപ്പോൾ അച്ചനും അവനെപറ്റി വളരെ നല്ല അഭിപ്രായമാണുള്ളത്.

ഇങ്ങിനെയുള്ള പശ്ചാത്തലത്തിലാണ് തങ്കച്ചൻ സാർ പരാതിയുമായി അച്ചന്റെ അടുക്കൽ എത്തിയത്. അതും കുമ്പസാര രഹസ്യം പോലെയാണ് പറഞ്ഞത്. പറയുക മാത്രമല്ല അതിന് പ്രതിവിധിയും അതുപോലെ അച്ചൻ ചെയ്തു കൊടുക്കാൻ ബാദ്ധ്യസ്ഥനാക്കി.

ആ വർഷത്തെ അവസാന വർഷത്തെ പരീക്ഷയിൽ വന്ന ചോദ്യങ്ങൾക്ക് ബിന്നി കുരുത്തംകെട്ട ഉത്തരങ്ങൾ എഴുതി. ആ പേപ്പറുകൾ തങ്കച്ചൻ സാറാണ് മാർക്കിടേണ്ടത്. ഇത്രയും നല്ല ഒരു പയ്യന്റെ ഭാവി നഷ്ടപ്പെടരുതെന്ന് തങ്കച്ചൻ സാറിന് ആത്മാർത്ഥമായി ആഗ്രഹമുണ്ട്. അതുകൊണ്ടാണ് അച്ചന്റെ സഹായത്തിനായി എത്തിയത്.

തങ്കച്ചൻ സാറിനറിയാം അച്ചന് ബിന്നിയെ വളരെ ഇഷ്ടമാണെന്ന്. ഈ പ്രശ്നം അച്ചനെക്കൊണ്ടു മാത്രമേ പരിഹരിക്കാൻ സാധിക്കയുള്ളൂ എന്നും സാറിനറിയാമായിരുന്നതുകൊണ്ടാണ് അച്ചന്റെ സഹായത്തിന് എത്തിയത്.

പൊതുവിജ്ഞാനം പേപ്പറിന്റെ ബിന്നിയുടെ ഉത്തരകടലാസുമായിട്ടാണ് സാർ വന്നിരിക്കുന്നത്. അത് അതുപോലെ ആരും കാണാതെ രഹസ്യമായി അച്ചന്റെ കയ്യിൽ കൊടുത്തു. അച്ചൻ അതു വായിച്ച് ചിരിച്ച് ചിരിച്ച് വശംകെട്ടു. സാറിന് ദേഷ്യം വന്നു. പ്രശ്നപരിഹാരത്തിനായി വന്നിട്ട് അച്ചനിരുന്ന് ചിരിക്കുന്നതു കണ്ടാൽ ആർക്കാണ് ദേഷ്യം വരാത്തത്.

ആ പേപ്പർ വായിച്ചാൽ ആരാണ് ചിരിക്കാതിരിക്കുന്നത്. ജീവിതത്തിൽ ഇതുവെരെ ചിരിക്കാത്തവർ പോലും ചിരിച്ചു പോകും; നിങ്ങളും ചിരിക്കുമെന്ന വിശ്വാസത്തിൽ അത് അതുപോലെ ഇവിടെ ചേർക്കുന്നു:

## ഒന്ന്ത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

1. കടൽപാമ്പിനെ എങ്ങനെ തിരിച്ചറിയാം?
ഉത്തരം: നക്കി നോക്കിയാൽ മതി. ഉപ്പ്രസമുണ്ടെങ്കിൽ അത് കടൽ പാമ്പാണെന്ന് നമുക്ക് ഉറപ്പിക്കാം.

2. മണിപ്രവാളം എന്നാലെന്ത്?
ഉത്തരം: പരീക്ഷാഹാളിലേക്ക് കയറാനുള്ള മണി അടിക്കുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന വെപ്രാളമാണ്.

3. ഗാന്ധിജിയുടെ അവസാന നിമിഷങ്ങൾ വിവരിക്കുക?
ഉത്തരം: ഢിഷ്യം, ഢിഷ്യം - റാം, റാം

4. വേലിയേറ്റവും വേലിയിറക്കവും എന്നാലെന്ത്?
ഉത്തരം: ഒരാൾ തന്റെ പറമ്പിന്റെ അതിര് മറ്റൊരാളുടെ പറമ്പിലേക്ക് കയറ്റി വേലി കെട്ടുന്നു. ഇതിനെ വേലിയേറ്റമെന്നും; മറ്റെ പറമ്പുകാരൻ ആൾക്കാരേയും കൂട്ടിവന്ന് അത് പൊളിച്ചിറക്കുന്നതിനെ വേലിയിറക്കം എന്നും പറയുന്നു.

5. വെള്ളത്തിൽ ജീവിക്കുന്ന അഞ്ച് ജീവികളുടെ പേരെഴുതുക?
ഉത്തരം: മൂന്ന് മീനും രണ്ടു തവളയും.

6. അമീബാ ഇര പിടിക്കുന്നത് എങ്ങനെ?
ഉത്തരം: അർദ്ധരാത്രി അമീബാ വീടിന്റെ വരാന്തയിലൂടെ തെക്കോട്ടും വടക്കോട്ടും നടക്കുന്നു. വീട്ടിൽ കുഞ്ഞുങ്ങൾ വിശന്നു കരയുന്നു. കുഞ്ഞുങ്ങളുടെ കരച്ചിൽ സഹിക്കാൻ കഴിയാതെ അമീബാ സഞ്ചിയുമായി പുറത്തേക്കിറങ്ങി കുറച്ചു ദൂരം ചെന്നപ്പോൾ കുറ്റിക്കാട്ടിൽ ഒരനക്കം. അമീബാ പതുങ്ങി പിന്നെ തക്കം പാർത്തിരുന്ന് ഇരയുടെ മുകളിലേക്ക് ഒറ്റ ചാട്ടം. ഇരയെ സഞ്ചിയിലാക്കി ഒരു ബീഡിയും വലിച്ച് യാത്രയായി

7. മഴപെയ്യുന്നതെങ്ങനെയെന്ന് നാലു വരിയിൽ എഴുതുക?
ഉത്തരം: ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ പറ, പറ
ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ, ചറ, ചറ
ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ
ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ പറ, ചറ, ചറ, ചറ,

8. കുചേലൻ ശ്രീകൃഷ്ണനെ കാണുവാൻ പോയപ്പോൾ കുചേലന്റെ കക്ഷത്തിൽ എന്തായിരുന്നു?
ഉത്തരം: ഇതിനൊക്കെ ഉത്തരമെഴുതാൻ എന്റെ സംസ്ക്കാരം എന്നെ അനുവദിക്കുന്നില്ല സാറേ. അയ്യേ! എന്തൊരു നാണംകെട്ട ചോദ്യം!

ഇതിന്റെ കയ്യെഴുത്തു പ്രതി ഇവിടെ ചേർക്കാൻ സാദ്ധ്യമല്ലല്ലോ. ഇങ്ങിനെ കൊടുത്താലും തെറ്റില്ലല്ലോ.

അവസാനം അച്ചൻ ബിന്നിയെ വളരെ രഹസ്യമായി വിളിച്ചു വരുത്തി ശരിയായ ഉത്തരമെഴുതിച്ച് തങ്കച്ചൻ സാറിനെ ഏല്പിച്ചു. ബിന്നി പരീക്ഷയിൽ നല്ല മാർക്കോടെ പാസായി.

[കടപ്പാടും നന്ദിയും ഇതിന് സഹായിച്ച എല്ലാവർക്കും]